(ഡി) സിലിണ്ടർ ഡെപ്പോസിറ്റ് ചാർജ് :

ഗാർഹികം	1250 രൂപ
വാണിജ്യം	1500 രൂപ
റഗുലേറ്റർ	150 രൂപ
ഇൻസ്റ്റലേഷൻ ഫീ	35 രൂപ
കൺസ്യൂമർ കാർഡ്	35 രൂപ
സുരക്ഷാ ട്യൂബ്	156 മുതൽ 170 രൂപ വരെ
ഇൻസ്പെക്ഷൻ ചാർജ് (സ്റ്റൗ ഉള്ളവർക്ക്)	200 രൂപ
റിഫീൽ	364.35 രൂപ മുതൽ 368.17 രൂപ വരെ

അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പെട്രോൾ പമ്പുകളുടെ പ്രവർത്തനം

121 (187) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പമ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്തെ എല്ലാ പെട്രോൾ പമ്പുകളിലും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങളായ സൗജന്യ ടോയ്ലറ്റ്, കുടിവെള്ളം തുടങ്ങിയവയും, വാഹനങ്ങളുടെ ടയറുകളിൽ വായു നിറയ്ക്കുന്നതിനുള്ള സൗകര്യവും നിർബന്ധമായും സ്ഥാപിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതും ഏർപ്പെടുത്തിയവ പ്രവർത്തനക്ഷമമല്ലാത്തതുമായ പെട്രോൾ പമ്പുകളുടെ ലൈസൻസ് റദ്ദാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും

122 (188) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും വിലനിലവാരം നിയന്ത്രിക്കുവാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമരഹിതമായി വർദ്ധിപ്പിക്കുന്നതായും ഗുണ നിലവാരമില്ലാത്ത ഭക്ഷണം വില്പന നടത്തുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അംഗീകൃത ഹോട്ടലുകൾക്കും, റസ്റ്റോറന്റുകൾക്കും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ന്യായവിലയ്ക്ക് ഭക്ഷ്യവിഭവങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; അത്തരം സ്ഥാപനങ്ങളിലെ വിൽപന വില നിയന്ത്രിക്കുന്ന ചുമതല സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് നൽകി വിലനിലവാരം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം ഹോട്ടലുകളിൽ വിലവിവരപ്പട്ടിക കർശനമായും പ്രദർശിപ്പിക്കണമെന്ന് ഉത്തരവുണ്ട്. പ്രസ്തുത ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ഫീൽഡ് ഓഫീസർമാരും, കൂടാതെ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും പരിശോധന നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. മായം ചേർക്കൽ നിരോധന നിയമപ്രകാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ നിയമിച്ചിട്ടുള്ള ഫുഡ് ഇൻസ്പെക്ടർമാർ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഹോട്ടലുകൾ പരിശോധിക്കുകയും ഭക്ഷണ സാധനങ്ങൾ പരിശോധനയ്ക്കായി അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നു. പരിശോധനയിൽ ഭക്ഷണപദാർത്ഥങ്ങൾ മായമുള്ളതോ, നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആയി കണ്ടാൽ ഫുഡ് ഇൻസ്പെക്ടർമാർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യാറുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട ഹോട്ടലുകളിൽ ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ സപ്ലൈകോ മുഖാന്തിരം സബ്സിഡി നിരക്കിൽ ലഭ്യമാക്കി ആഹാരസാധനങ്ങൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മാവേലി ഹോട്ടലുകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് 10 രൂപ മുതൽ 15 രൂപ വരെ നിരക്കിലാണ് ഊണ് നൽകിവരുന്നത്. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 56 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നുണ്ട്.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി കന്നുകാലികളുടെ വിതരണം

123 (189) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ കന്നുകാലികളെ വിതരണം ചെയ്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly